**'ഭരണഭാഷ- മാതൃഭാഷ'**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഒന്നാം തരം ഓവർസിയർ ആയ ശ്രീ,ദീപക് വി.വി.യുടെ ചികിത്സയ്ക്ക് പലിശ രഹിത ചികിത്സാവായ്പ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.1073/2019/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം,** 28/05/2019

---

പരാമർശം:- 1. 18.02.1997 ലെ ജി.ഒ.(പി) 45/97/H&FWD

2. 02.11.2000 ലെ ജി.ഒ.(പി) 285/2000/H&FWD

3. 20.11.2001 ലെ ജി.ഒ.(പി) 298/2001/H&FWD

4. ശ്രീ.ദീപക് വി.വി. സമർപ്പിച്ച 09.03.2019 ലെ അപേക്ഷ

5. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.03. 2 0 1 9 ലെ ഇ17/4846/17/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം എൽ.എസ്.ജി.ഡി. ഡിവിഷനിൽ ഓവർസിയർ ഗ്രേഡ് 1 ആയ ശ്രീ.ദീപക് വി.വി. (പെൻ - 580440, ജനനതീയതി - 30.05.1979) ടിയാന് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നടത്താനുദ്ദേശിക്കുന്ന ചികിത്സക്കായി `75,000/- രൂപ(എഴുപത്തി അയ്യായിരം രൂപ മാത്രം) പലിശരഹിത വായ്പ അനുവദിക്കണമെന്ന് പരാമർശം 4 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരാമർശം 5 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കൊല്ലം എൽ.എസ്.ജി.ഡി. ഡിവിഷനിൽ ഓവർസിയർ ഗ്രേഡ് 1 ആയ ശ്രീ.ദീപക് വി.വി.ക്ക് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നടത്താനുദ്ദേശിക്കുന്ന ചികിത്സക്കായി `75,000/- രൂപ(എഴുപത്തി അയ്യായിരം രൂപ മാത്രം) , പരാമർ ശം 1,2,3 ഉത്തരവുകൾക്ക് വിധേയമായി പലിശരഹിത വായ്പയായി അനുവദിച്ച് ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് **"7610-00-800-95(01)"** എന്ന ശീർഷകത്തിൽ നിന്നും കുറവ് വരുത്തേണ്ടതാണ്.

3.മേൽപ്രകാരം അനുവദിച്ച 75,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ ശ്രീ.ദീപക് വി.വി. സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. പലിശരഹിത ചികിത്സാ വായ്പ 6 മാസത്തിനകം ധനവകുപ്പിന്റെ അനുമതിയോടെ ക്രമപ്പെടുത്തേണ്ടതും, അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിന്

ചീഫ് എൻജിനീയർ നടപടി സ്വീകരിക്കേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദു ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V.P
**അണ്ടർ സെക്രട്ടറി**

1. ശ്രീ.ദീപക് വി.വി., ഓവർസിയർ ഗ്രേഡ് 1 (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. ജില്ലാ ട്രഷറി, കൊല്ലം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ്(26.04.2019 ലെ 1167760/L3/205/2019/Fin പ്രകാരം)
7. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(11.04.2019 ലെ G2/667/2019/H&FWD പ്രകാരം)
8. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ